# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. * 220 　　　　06.11.2019 -ൽ മറുപടിക്ക്

## ഗ്രാമീണമേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം

**ചോദ്യം**
ശ്രീ.സി.ദിവാകരൻ
ശ്രീ.ചിറ്റയം ഗോപകുമാർ
ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ
ശ്രീ.മുഹമ്മദ് മുഹസിൻ പി.

**ഉത്തരം**
ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗ്രാമീണമേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസ, തൊഴിൽ മേഖലകളിലെ നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായ മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നല്കി അനുയോജ്യമായ തൊഴിൽ കണ്ടെത്തുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഗ്രാമീണ മേഖലയിലെ തൊഴിൽ രഹിതരെ ഉദ്ദേശിച്ചുകൊണ്ട് 2016-17 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകളുടെ എക്സ്റ്റൻഷൻ സെന്ററുകളായി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് സി.ഡി.സി.കൾ പ്രവർത്തിക്കുന്നത്. ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ആധുനികമായ സാങ്കേതിക വിദ്യയും നവീനമായ കരിയർ ഡെവലപ്മെന്റ് ആശയങ്ങളും സമന്വയിപ്പിച്ചുകൊണ്ടു ഉദ്യോഗാർത്ഥികൾക്ക് കരിയർ സംബന്ധമായ ഏതു പ്രശ്നത്തിനും പരിഹാരം നൽകുന്ന ഒരു കേന്ദ്രമാണ് കരിയർ ഡെവലപ്മെന്റ് സെന്റർ. വ്യക്തിഗത മാർഗ്ഗനിർദ്ദേശം, ഗ്രൂപ്പ് കൗൺസിലിങ്, കരിയർ സെമിനാർ, മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ, മോക്ക് ഇന്റർവ്യൂ, മത്സരപരീക്ഷാ പരിശീലനങ്ങൾ തുടങ്ങി വിവിധ |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ കരിയർ ഡെവലപ്മെന്റ് സെന്ററിൽ നിന്നും ലഭിക്കുന്നതാണ്. നാളിതുവരെയായി കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ 13,333 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>നടത്തിയ വ്യക്തിഗത മാർഗ്ഗ നിർദ്ദേശങ്ങൾ - 5190<br>കരിയർ ഗൈഡൻസ് ക്ലാസ്സുകളുടെ എണ്ണം - 174<br>പങ്കെടുത്തവരുടെ എണ്ണം - 15709<br>മത്സരപരീക്ഷ പരിശീലനങ്ങളുടെ എണ്ണം - 28<br>പങ്കെടുത്ത ഉദ്യോഗാർഥികളുടെ എണ്ണം - 1636<br>നടത്തിയ സൈക്കോമെട്രിക് ടെസ്റ്റുകളുടെ എണ്ണം- 525<br>വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പാക്കി വരുന്നു. വ്യാവസായിക മേഖലകളുടെ താൽപര്യം കണക്കിലെടുത്തുകൊണ്ട് മാറിവരുന്ന തൊഴിൽ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തക്ക വിധത്തിലാണ് പരിശീലന പദ്ധതികൾ വിഭാവനം ചെയ്യുന്നത്. തൊഴിൽ മേഖലയിലെ ആവശ്യകതകൾ മനസ്സിലാക്കി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പദ്ധതികൾ ആണ് KASE ആവിഷ്കരിച്ച് വരുന്നത്. ഇന്ത്യയിലാദ്യമായി, നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടി ആരംഭിച്ചിട്ടുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണമേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമാക്കുന്നത്. നിലവിൽ കൗശൽ കേന്ദ്രയിൽ ലഭ്യമാക്കുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br>• അസെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ്<br>• കമ്മ്യൂണിക്കേഷൻ സ്കിൽ<br>• ഡിജിറ്റൽ ലിറ്ററസി പരിശീലനം<br>• ഫിനാൻഷ്യൽ ലിറ്ററസി പരിശീലനം<br>• ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിട്യൂഡ് ആൻഡ് അനലറ്റിക്കൽ റീസണിങ് പരിശീലനം |

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി പ്രകാരമുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്; | (ബി) | നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലപ്പുഴ ജില്ലയിലെ കായംകുളം, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട് എന്നിവിടങ്ങളിലാണ് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്.<br>വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമായ കൗശൽ കേന്ദ്ര നിലവിൽ ചവറ (കൊല്ലം ജില്ല) കറ്റനാട് (പാലക്കാട് ജില്ല) മാനാഞ്ചിറ (കോഴിക്കോട് ജില്ല) എന്നിവിടങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്. |
| (സി) | ഈ പദ്ധതി പ്രകാരമുള്ള കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിലും ആരംഭിക്കുമോ; വ്യക്തമാക്കുമോ? | (സി) | വരും വർഷങ്ങളിൽ സ്ഥലത്തിന്റെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് ഗ്രാമീണ മേഖലയിൽ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പവും കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുക, മറ്റ് മൂന്ന് ജില്ലകളിൽ കൂടി കൗശൽ കേന്ദ്രങ്ങൾ ആരംഭിക്കുക എന്നീ വിഷയങ്ങൾ പരിശോധിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ